11

# akpcta journal

1979
JUNE – JULY

MONTHLY BULLETIN OF THE ALL-KERALA PRIVATE COLLEGE TEACHERS' ASSOCIATION

akpcta

*in this issue*

O editorial

O our demands

O memorandum

A. K. P. C. T. A.
JOURNAL
(for private circulation only)

*editorial board*

r. r. c. nair

v. narayanankutty

m. r. chandrasekharan

k. c. chacko

n. j. jacob

v. n. murali
(chief editor)

# പണിമുടക്ക് വിജയിപ്പിക്കുക

കോളേജധ്യാപകരുമുൾപ്പെടെ കേരളത്തിലെ നാലുലക്ഷത്തോളം ജീവനക്കാർ ജൂലൈ നാലു മുതൽ അനിശ്ചിതകാല പണിമുടക്ക് ആരംഭിക്കുകയാണ്. ഇത്രമാത്രം സംഘടിതവും വ്യാപകവുമായ സമരം കേരളത്തിന്റെ ചരിത്രത്തിൽ ഇതാദ്യമാണ്. ജീവനക്കാരുടെ മിതവും ന്യായവുമായ ആവശ്യങ്ങൾ അംഗീകരിക്കാൻ കൂട്ടാക്കാത്ത കേരള സർക്കാർ, കരിനിയമങ്ങളിലൂടെ ജീവനക്കാരന്റെ പണിമുടക്കാനുള്ള അവകാശത്തെത്തന്നെ ചോദ്യം ചെയ്തിരിക്കയാണ്. ജൂലൈ നാലിനാരംഭിക്കുന്ന സമരം അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടമാണ്; അതോടൊപ്പം, അവകാശങ്ങൾക്കുവേണ്ടി പോരാടാനുള്ള സ്വാതന്ത്ര്യം സംരക്ഷിക്കാനുംകൂടിയാണ്. ജീവനക്കാരുടെ സംഘടിതശക്തി ഇതിൽ വിജയിക്കുകതന്നെ ചെയ്യും.

യു. ജി. സി. സ്കെയിലിനുവേണ്ടി കേരളത്തിലെ കോളേജധ്യാപകരെപ്പോലെ നിരന്തരമായ സമരം നടത്തേണ്ട അവസ്ഥ മറ്റു സംസ്ഥാനങ്ങളിൽ ഉണ്ടായിക്കാണുമെന്നു തോന്നുന്നില്ല. അവിടെയെല്ലാം ഉണ്ടായ സമരങ്ങളെ മാനിക്കാനും സ്കെയിൽ നടപ്പിലാക്കാനും ഗവൺമെന്റുകൾ തയാറായിട്ടുണ്ട്. ഇവിടെ 1974 മുതൽ ഇതിനുവേണ്ടി നമ്മൾ നടത്തിവരുന്ന സമരങ്ങളെയെല്ലാം തച്ചുടയ്ക്കാനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്. ഡൈസ്നോണിനു പുറമേ ലോകത്ത് മറ്റെങ്ങും കേട്ടുകേൾവി പോലുമില്ലാത്ത ഒരു നിയമം — ഒരു ദിവസത്തെ പണിമുടക്കിന് രണ്ടുമാസ ശമ്പളം തടയൽ — സർക്കാർ സൃഷ്ടിക്കുകയുമുണ്ടായി. ഇതിലൂടെ കോളേജധ്യാപകന്റെ സമരശക്തിയെ ഇല്ലായ്മ ചെയ്യാമെന്ന വ്യാമോഹം സർക്കാരിനുണ്ടായിരുന്നു. എന്നാൽ ആ കണക്കുകൂട്ടലുകളെല്ലാം തെറ്റിയിരിക്കുന്നു. കൂടുതൽ കരുത്താർജ്ജിച്ചുകൊണ്ട് കോളേജധ്യാപകർ സമരരംഗത്തെത്തിയിരിക്കുന്നു.

ശമ്പളവർദ്ധനവല്ല നമ്മൾ ആവശ്യപ്പെടുന്നത്; കേന്ദ്രഗവൺമെന്റ് ഇന്ത്യയിലെ എല്ലാ കോളേജധ്യാപകർക്കും നൽകണമെന്നു നിർദ്ദേശിക്കുന്ന ശമ്പളം കേരളത്തിലും നടപ്പിലാക്കികിട്ടണമെന്നാണ്. സെൻ കമ്മീഷന്റെ ശുപാർശകൾ സ്വീകരിച്ചുകൊണ്ട് സർവ്വകലാശാലാ ഗ്രാന്റ്സ് കമ്മീഷൻ ഈ സ്കെയിലിനു രൂപം നൽകിയത് ഉന്നതവിദ്യാഭ്യാസരംഗത്തെ പൊതുവിലുള്ള പുരോഗതി ലക്ഷ്യമാക്കിക്കൊണ്ടാണ്. ഇതുതന്നെയാണ് എല്ലാ സംസ്ഥാനങ്ങളിലും ഈ സ്കെയിൽ നടപ്പിലാക്കണമെന്ന് കേന്ദ്രം നിർദ്ദേശിക്കാനുള്ള കാരണവും. എന്നാൽ ഈ ദേശീയ ധാരയിൽ നിന്നൊറ്റപ്പെട്ട്, ചില വിതണ്ഡവാദങ്ങളുടെ തുരുത്തു സൃഷ്ടിച്ച് അവിടെ ചടഞ്ഞുകൂടാനാണ് കേരളസർക്കാരിന് ഇഷ്ടം. ഒപ്പം യു. ജി സി. സ്കെയിൽ ചോദിക്കുന്നവർക്കെതിരേ കരിനിയമങ്ങൾ സൃഷ്ടിക്കുകയും.

ശമ്പളം ശാസ്ത്രീയമായി പുനർനിർണ്ണയം ചെയ്യണമെന്ന ആവശ്യം എല്ലാ മേഖലകളിൽ നിന്നും ഉയർന്നുവരുന്നുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ചിടത്തോളം ഒട്ടാകെ ശാസ്ത്രീയമായി പുനർനിർണ്ണയം ചെയ്തതാണ് യു. ജി. സി. സ്കെയിൽ. ഒരു ശമ്പളക്കമ്മീഷനല്ലാതിരുന്നിട്ടും, യു. ജി. സി., വിദ്യാഭ്യാസ നിലവാരം ഉയർത്താനായി വേതനം ശാസ്ത്രീയമായി പുനർനിർണ്ണയം ചെയ്യുകയാണ് ഉണ്ടായത്. പക്ഷേ നമ്മുടെ സർക്കാരിന് ഈ സത്യങ്ങളൊന്നും കാണാൻ കഴിയുന്നില്ല. അഥവാ കണ്ടിട്ടും കണ്ടില്ലെന്ന ഭാവത്തിൽ കണ്ണടയ്ക്കുന്നു. ഈ നിഷേധാത്മക നിലപാട് തിരുത്തിക്കുറിക്കാൻ സമരമല്ലാതെ മറ്റു മാർഗ്ഗങ്ങളില്ല.

''ശമ്പളക്കാര്യത്തിൽത്തന്നെ ഓരോ സ്റ്റേറ്റിലും പല നിരക്കുകളാണ് നിലവിലുള്ളത്. ഇന്ത്യയിൽ പൊതുവെ ഏകീകരിച്ച ഒരു ശമ്പളനിരക്ക് പോലീസിന് അംഗീകരിക്കാവുന്നതാണ്. എന്നാൽ അതു നടപ്പിലാക്കുന്നതിന് കേന്ദ്രത്തിന്റെ സാമ്പത്തികസഹായം വേണ്ടിവരും'' ഇത് നമ്മുടെ മുഖ്യമന്ത്രി ഈയിടെ പറഞ്ഞതാണ്. ഈ മുഖ്യമന്ത്രിതന്നെയാണ് 80% കേന്ദ്രസഹായം ലഭിക്കുന്ന യു. ജി. സി. സ്കെയിൽ കോളേജധ്യാപകർക്ക് നടപ്പിലാക്കാത്തതും!

നമുക്ക് ജൂലൈ നാലു മുതൽ ശക്തമായ സമരം ആരംഭിക്കാം. എത്ര നീണ്ടുനിന്നാലും, എന്തുമാത്രം കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടിവന്നാലും ഈ സമരം വിജയിപ്പിക്കുമെന്ന് പ്രതിജ്ഞയെടുക്കാം.

# എന്തുകൊണ്ട് യു. ജി. സി. സ്കെയിലിൽ ?

(പഞ്ചദശാനുക്കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളഞ്ഞുകൊണ്ട് കോളേജധ്യാപകർ യു. ജി. സി. സ്കെയിൽ വേണമെന്ന് ആവശ്യപ്പെടാനുള്ള കാരണങ്ങൾ ഇവിടെ വ്യക്തമാക്കുന്നു. എ. കെ പി. സി. ടി. എ യുടെ മുൻ ജനറൽ സെക്രട്ടറി പ്രൊ: ടി. ഗോപാലകൃഷ്ണൻ തയ്യാറാക്കിയ ലഘുലേഖയുടെ അവസാന ഭാഗമാണിത്– എഡിററർ)

## യഥാർത്ഥത്തിൽ ശമ്പള സ്കെയിലുകൾ പരിഷ്കരിച്ചിട്ടുണ്ടോ?

തികച്ചും അശാസ്ത്രീയമായ രീതിയിലാണ് പുതിയ സ്കെയിലുകൾ ആവിഷ്കരിച്ചിരിക്കുന്നതെന്നു കാണാൻ ഒരു ബുദ്ധിമുട്ടുമില്ല. വാങ്ങിക്കൊണ്ടിരിക്കുന്ന ഡി. എ. യുടെ കാര്യമായ ഒരു ഭാഗം ലയിപ്പിച്ച്, ഊതി വീർപ്പിച്ചവയാണ് ആവിഷ്കരിച്ചിരിക്കുന്ന 'പുതിയ' സ്കെയിലുകൾ. സ്കെയിലുകൾ യഥാർത്ഥത്തിൽ മുന്നോട്ടു പോയിട്ടേയില്ല. ഒരദ്ധ്യാപകനു് 1550 രൂപാവരെ പോകാൻ കഴിയുമെന്നു നാം പറഞ്ഞു ഇതിൽ ലയിപ്പിച്ച, പഴയ നിരക്കിലുള്ള ഡി. എ. ആയ 243 രൂപാ കഴിച്ചാൽ ബാക്കിയുള്ളത് 1307 രൂപായാണ്. —1307 രൂപാവരെ മാത്രമേ ഒരദ്ധ്യാപകന് പോകാൻ കഴിയുന്നുള്ളൂ എന്നതാണ് വസ്തുത. പുതിയ നിരക്കുകളിൽ ശമ്പളം നിർണ്ണയം ചെയ്താൽ പലർക്കും സ്കെയിൽ ഇല്ലാതാവുകയും ഇൻക്രിമെൻറ് ലഭിക്കാതാവുകയും ചെയ്യും. ചില ഉദാഹരണങ്ങൾ നോക്കുക:

(a) I Grade Professors

| | | Case I | Case II |
|---|---|---|---|
| (1) | Basic pay as on 1-7-1978 in the existing scale of pay of Rs. 850-50-1350-50/2-1450 | — Rs. 1400 | Rs. 1450 |
| (2) | Dearnes Allowance at 272 points of cost of living index | Rs. 243 | Rs. 243 |
| (3) | Existing Emoluments on the date ef Fixation of pay | Rs.1 643 | Rs. 1693 |
| (4) | Weightage limited under Rule 8 of the fixation Rules. | Rs 50 | Rs. 50 |
| (5) | Existing Emoluments plus weightage | Rs. 1693 | Rs. 1748 |
| (6) | When raised to the next stage in the Revised scale of Rs. 1125-60-1725 | Rs. 1725 | the pay wil be fixed at Rs. 1725* |

* the defference between Rs. 1743 and Rs. 1725 will be allowed as personal pay

കേസ് ഒന്നിൽ ശമ്പളം പുതിയ നിരക്കുകളുടെ മാക്സിമത്തിൽ ഫിക്സ് ചെയ്യും. അഞ്ചു വർഷക്കാലത്തേക്ക് അദ്ധ്യാപകന് ഇൻക്രിമെൻറില്ല. കേസ് രണ്ടിൽ എക്സിസ്റ്റിംഗ് ഇമോലുമെൻറും വെയിറേറജും ചേർന്നുള്ളത് പുതിയ നിരക്കിൻെറ മാക്സിമത്തേക്കാൾ കൂടുതലാണ്. വ്യത്യാസം

പേഴ്സണൽ പേ ആയി നൽകും. ഇവിടെയും അഞ്ചു വർഷത്തേക്ക് അദ്ധ്യാപകന് ഇൻക്രിമെൻറ് ആനുകൂല്യംഇല്ല. Biennial increment System നിർത്തിയെന്നു അവകാശപ്പെടുന്ന സർക്കാർ അഞ്ചുവർഷക്കാലയളവിൽ ഒരു ഇൻക്രിമെൻറുപോലും ലഭിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു.

b) II Grade Professors:-1—7—1978-ന് Rs. 1050, Rs. 1100, Rs. 1150, Rs. 1200 എന്നീ അടിസ്ഥാന ശമ്പളം ഉള്ളവർക്ക് പുതിയ നിരക്കുകളിൽ ശമ്പളം നിർണ്ണയിച്ചു കഴിഞ്ഞതിനുശേഷം എല്ലാ വർഷവും ഇൻക്രിമെൻറ് ആനുകൂല്യം ലഭിക്കുകയില്ല. രണ്ട് ഉദാഹരണങ്ങൾ നോക്കുക.

(1) <u>Professor with a basic Pay of Rs. 1150/- in the existing scale of Pay as on 1-7-1978:-</u>

| | | |
|---|---|---|
| Basic Pay | Rs. | 1150 |
| D. A. at 272 Points appropriate to the above Basic pay | Rs | 243 |
| Weightage | Rs. | 50 |
| E. E. plus weightge | Rs. | 1443 |
| When raised to the next stage in the revised scale pay will be | Rs. | 1450 |

as on 1-7-'78

on 7/79, B. pay will be Rs. 1500 and on 7/80 B, pay will be Rs. 1550. (Maximum of the revised scale) The teacher stands to get only two increments after fixation of his pay in the revised scale

(2) <u>Professor with a basic pay of Rs. 1200/- in the E. scale of pay as on 1-7 798:-</u>

| | | |
|---|---|---|
| Basic pay | Rs. | 1200 |
| D. A. at 272 points appropriate to tue above B. pay | Rs, | 243 |
| Weightage | Rs. | 50 |
| E E plus weightage | Rs | 1493 |
| When raised to the next Stage in the revised scale, pay will be | Rs | 1500 |

as on 1—7—1978

On 7/79 pay will be Rs. 1550 and hence the teacher will not get any increment beyond 7/79

c) 1—7—1978-ൽ 915 രൂപയുടെ അടിസ്ഥാന ശമ്പളത്തിൽ എത്തിയ, 13 വർഷത്തെ മൊത്തം ലക്ചറർ സർവീസുള്ള, അദ്ധ്യാപകന് 1980-ൽ non-cadre. II Grade Professor പ്രൊമോഷൻ കിട്ടുന്നതിനുമുമ്പ് ഒരു ഇൻക്രിമെൻറ് നഷ്ടം ഉണ്ടാകും. 1—7—'78-ൽ പുതുക്കിയ നിരക്കുകളിൽ അദ്ദേഹത്തിന്റെ ശമ്പളം 1230 ആയിരിക്കും. 1-7-'79-ന് അദ്ദേഹം സ്കെയിലിന്റെ മാക്സിമത്തിൽ എത്തും. 1980-ൽ ഇൻക്രിമെൻറില്ല. അതായത്, 1930-ൽ ലഭിക്കേണ്ട ഇൻക്രിമെൻറ് ഉൾപ്പെട്ട അടിസ്ഥാന ശമ്പളത്തിൽ നിന്ന്, പ്രൊമോഷൻ ആകുമ്പോൾ, പ്രൊഫസ്സറുടെ സ്കെയിലിലേയ്ക്ക് മാറുവാൻ കഴിയില്ലെന്നർത്ഥം.

## ഡി. എ. നിരക്കുകൾ വെട്ടിക്കുറച്ചു.

നാം വാങ്ങിക്കൊണ്ടിരുന്നതായ ഡി. എ. യുടെ കാര്യമായൊരു ഭാഗം ശമ്പളത്തിൽ ലയിപ്പിച്ചാണ് പുതിയ നിരക്കുകൾ ആവിഷ്കരിച്ചിരിക്കുന്നതെന്ന് നാം കണ്ടു. ഒരു മുടന്തൻ ന്യായം കണ്ടെത്തി, കമ്മീഷൻ ലയിപ്പിക്കാത്ത ഡി. എ. യിൽ കുറവു വരുത്തിയിരിക്കുകയാണ്. 42 ശതമാനം ഡി. എ. വാങ്ങിക്കൊണ്ടിരുന്നവരുടെ ഡി. എ. യിൽ നിന്ന് 27 ശതമാനം ശമ്പളത്തിൽ ലയിപ്പിച്ച്, ബാക്കിയുള്ള 15 ശതമാനം പൂർണ്ണമായി നൽകാതെ, 12 ശതമാനമായി വെട്ടിക്കുറച്ചിരിക്കുന്നു. --3 ശതമാനം ഡി. എ. ശമ്പള പരിഷ്കാരത്തി (?) ന്റെ പേരിൽ സർക്കാർ തട്ടിയെടുത്തിരിക്കുന്നു. മാത്രമല്ല, ഈ സംസ്ഥാന ശമ്പള പരിഷ്ക്കരണത്തോടെ 1967 മുതൽ ഇവിടെ പാലിക്കപ്പെട്ടു വന്ന കേന്ദ്ര ഡി. എ. ഫോർമുല അട്ടിമറിക്കപ്പെടുകയും ചെയ്തിരിക്കുന്നു. വിലസൂചികയിലെ ഓരോ എട്ടു പോയിൻറ് വർദ്ധനവിനും കേന്ദ്രസർക്കാർ അനുവദിച്ചുകൊണ്ടിരിക്കുന്ന മൂന്നര ശതമാനം, രണ്ടര ശതമാനം ഡി.

എ. ഇവിടെ രണ്ടരയും രണ്ടും ശതമാനമായി ചുരുക്കിയിരിക്കുന്നു.

1967–ലാണ് ആദ്യമായി സംസ്ഥാന ജീവനക്കാർക്ക് കേന്ദ്രനിരക്കിലുള്ള ഡി. എ. അനുവദിച്ചത്. ഓരോ 8 പോയിന്റ് വർദ്ധനവിനും നേരത്തെ 4 ശതമാനം, 3 ശതമാനം എന്ന നിരക്കിലാണു ഡി. എ. അനുവദിച്ചുകൊണ്ടിരുന്നത്. അടിയന്തിരാവസ്ഥക്കാലത്ത് കേന്ദ്രം അതിൽ ഏകപക്ഷീയമായി കുറവുവരുത്തി—അത് യഥാക്രമം $3\frac{1}{2}$ ശതമാനവും $2\frac{1}{2}$ ശതമാനവുമായി കുറഞ്ഞു. ഈ കുറവു പരിഹരിക്കണമെന്ന് ജീവനക്കാർ ആകമാനം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന അവസരത്തിലാണ് അതിനേക്കാൾ കുറഞ്ഞ നിരക്കിൽ ഡി. എ നൽകിയാൽ മതിയെന്ന് ഇവിടെ വിധിക്കപ്പെട്ടിരിക്കുന്നത്. കേന്ദ്രഗവൺമെന്റു ജീവനക്കാർക്ക് മേലിൽ ഓരോ 8 പോയിന്റ് വർദ്ധനവിനും $3\frac{1}{2}$ ശതമാനത്തിന്റെയും $2\frac{1}{2}$ ശതമാനത്തിന്റെയും ഡി. എ. വർദ്ധന നൽകുമ്പോൾ ഇവിടെ $2\frac{1}{2}$ ശതമാനവും 2 ശതമാനവുമേ നൽകൂ. വാസ്തവത്തിൽ, ഇത് കേന്ദ്ര ഡി. എ. നൽകുകയെന്ന ബാദ്ധ്യതയിൽ നിന്ന് ഒഴിഞ്ഞുമാറാനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമമാണ്: നമുക്കു ലഭിച്ചുകൊണ്ടിരുന്ന ഡി. എ. നിരക്കിൽ കുറവാണു വരുത്തിയതെങ്കിൽ ഇലക്ട്രിസിറ്റിബോർഡ്, ഫിനാൻഷ്യൽ എന്റർപ്രൈസസ്, ഫിനാൻഷ്യൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ ഡി. എ. യുടെ ഒരു ഭാഗം ശമ്പളത്തിൽ ലയിപ്പിച്ചതിനുശേഷം അവശേഷിച്ച ഡി. എ. ജീവിതസൂചികയുടെ അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കുകയാണു ചെയ്തതെന്നോർക്കണം. ഒരു ചന്തയിൽ രണ്ടു കച്ചവടം!

## വെയിറേറജിന്റെ കാര്യത്തിലെ സ്ഥിതി.

ഒരു ശമ്പള പരിഷ്കരണം നടക്കുമ്പോൾ ജീവനക്കാരുടെ സർവീസ് ദൈർഘ്യം കണക്കിലെടുത്ത് വെയിറേറജ് നൽകുകയെന്നത് പ്രധാനമായ ഒരു സംഗതിയാണ്. 1973-ൽ ശമ്പളനിരക്കുകൾ പരിഷ്കരിച്ചപ്പോൾ 7 വർഷത്തെ സർവീസിന് ഒന്ന് എന്ന ക്രമത്തിൽ 3 വെയിറേറജ് വരെ ലഭിച്ചിരുന്നു. ഇപ്പോൾ അത് പത്തുവർഷത്തെ സർവീസിന് ഒരു വെയിറേറജ് എന്നാക്കിയിരിക്കുന്നു. ഇലക്ട്രിസിറ്റി ബോർഡിൽ 5 വർഷത്തിന് ഒരു വെയിറേറജും 9 വർഷത്തിന് രണ്ടും വെയിറേറജുകളും നൽകി. ഫിനാൻഷ്യൽ എന്റർപ്രൈസസ്, ഫിനാൻഷ്യൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ 5 വർഷത്തെ സർവീസിന് ഒരു വെയിറേറജ് എന്ന ക്രമത്തിലാണ് വെയിറേറജ് നൽകിയത്. വെയിറേറജ്കൊണ്ട് പ്രത്യേകിച്ചു പ്രയോജനമുണ്ടാകാത്തതിനു ഉദാഹരണമുണ്ട്. വെയിറേറജിനു അർഹതയുള്ള അദ്ധ്യാപകനും (A) അർഹതയില്ലാത്ത അദ്ധ്യാപകനും (B) പുതുക്കിയ നിരക്കുകളിൽ ശമ്പളം നിർണ്ണയിക്കുമ്പോൾ ഒരേ അടിസ്ഥാനശമ്പളമാകുന്നു. ഫിക്സേഷൻ ബെനിഫിറ്റ് B യ്ക്കു കൂടുതൽ, A യ്ക്കു കുറവ്.

| | |
|---|---|
| B† Basic pay as on 1-9-1978, in the Existing scale | Rs. 800/- |
| D. A. at 272 points appropriate to the B. pay | Rs. 216/- |
| E. E. on the date of change over to the Revised scale | Rs. 1016/- |
| Total service as on 1-9-1978 | 9 years |
| So weightage | Nil |
| Minimum benefit | Rs. 25/- |
| E. E. + minimum benefit Rs. 1016+ Rs. 25 = | Rs. 1041/- |
| When raised to the next stage in the revised scale, B. pay will be | Rs. 1070 |

| | |
|---|---|
| A* Basic pay as on 1-7-1978, in the Existing scale | Rs. 800 |
| D. A. at 272 points appropriate to the B. pay | Rs. 216 |
| E. E. on the date of change over to the Revised Scale. | Rs. 1016 |
| Total service as on 1-7-1978 counting for weightage | 10 years. |

So weightage at the rate of increment at the level of Rs. 1016 — 1 increment at Rs. 35

E. E. + weightage 1016 + 35 — Rs. 1051

When raised to the next stage in the revised scale, B. Pay will be — Rs. 1070

† appointed first as Lecturer. * Served as Jr. Lecturer for a period.

## ഇൻക്രിമെൻറു നിരക്ക്.

"the incremental rates have been generally improved" എന്നാണ് സർക്കാർ അവകാശപ്പെടുന്നത്. ഒന്നാം ഗ്രേഡ് പ്രൊഫസ്സറുടെയും (1125–60–1725) പോസ്‌റ്റ് ഗ്രാഡ്യുവേറ്റ് കോളേജിലെ പ്രിൻസിപ്പലിൻെറയും (1300–60–1600–75–1900) ഇൻക്രിമെൻറു നിരക്കുകളിൽ വർദ്ധനവുണ്ടായി. പക്ഷെ ആ തസ്‌തികകളിൽ വളരെപ്പേർക്കൊന്നും നിയമനം കിട്ടില്ലല്ലോ! ഭൂരിപക്ഷം അദ്ധ്യാപകർ ഇന്നു ലക്‌ചർ തസ്‌തികയിൽ ഇരിക്കുന്നവരാണ്. അതിൻെറ പുതുക്കിയ നിരക്കുകളിൽ ഇൻക്രിമെൻറൽ റേററ്സ് ഇംപ്രൂവ് ചെയ്‌തു എന്നു പറയാനാവില്ല. യഥാർത്ഥത്തിൽ പുതുക്കിയ നിരക്കുകളിൽ ഇൻക്രിമെൻറു ലഭിക്കുമ്പോൾ നഷ്ടമാണു സംഭവിക്കുന്നത് ഒരുദാഹരണം നോക്കുക.

നിലവിലുള്ള സ്‌കെയിലിൽ 1–7–78 നു 695 രൂപാ അടിസ്ഥാന ശമ്പളം ഉള്ള ഒരദ്ധ്യാപകൻ ആ തീയതിക്ക് പുതുക്കിയ നിരക്കിലേക്കു മാറുന്നു. അടുത്ത ഇൻക്രിമെൻറ് ഡ്യൂ ആകുന്ന 7/79 നു, പഴയ സ്‌കെയിലിൽ തുടർന്നിരുന്നെങ്കിൽ കിട്ടുമായിരുന്ന മൊത്തം തുകയെന്ത്, പുതുക്കിയ സ്‌കെയിലിൽ കിട്ടുന്ന മൊത്തം എന്ത്?

Existing Scale

510-25-635-30-695-35-835-40-875-40/2-995

7/78 695 + 292 = 987 } difference
7/79 730 + 307 = 1037 } Rs. 50

Revised Scale

700-25-800-30-890-35-1030-40-1270

925 + 111 = 1036 } differ:
960 + 1 5 = 1075 } Rs. 39

നിലവിലുള്ള സ്‌കെയിലിൽ തുടർന്നാൽ 7/79 നു ഇൻക്രിമെൻറു ലഭിക്കുമ്പോൾ total emoluments-ൽ 50 രൂപായുടെ വ്യത്യാസം (രൂ. 35 + രൂപ. 15) ഉണ്ടാകും. അടിസ്ഥാന ശമ്പളം വർദ്ധിക്കുമ്പോൾ വർദ്ധനവിൻെറ 42 ശതമാനം ഡി. എ. അധികമായി കിട്ടുന്നു. പുതുക്കിയ സ്‌കെയിലിൽ ആയിക്കഴിഞ്ഞാൽ 7/79നു ഇൻക്രിമെൻറു ലഭിക്കുമ്പോൾ total emoluments–ൽ 39 രൂപായുടെ വ്യത്യാസമേ (രൂ. 35 + രൂ. 4) വരുന്നുള്ളൂ. പുതുക്കിയ നിരക്കുകളിൽ ആയിക്കഴിഞ്ഞതിനുശേഷം ഇൻക്രിമെൻറു ലഭിക്കുമ്പോൾ നഷ്ടമല്ലേ സംഭവിക്കുന്നത്? ഡി. എ. അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ചതു മൂലമാണ് ഈ നഷ്ടം ഉണ്ടാകുന്നത്. ഓരോ മാസവും ഈ നഷ്ടം സംഭവിക്കുന്നു എന്ന് ഓർക്കണം. ഇതുമൂലം, പുതുക്കിയ ശമ്പളനിരക്കുകളിൽ ശമ്പളം നിർണ്ണയിക്കുന്ന സമയത്ത് എന്തെങ്കിലും ലഭിക്കുന്നവർക്കുപോലും ഒരു നിശ്ചിത കാലയളവിനുള്ളിൽ ലഭിച്ചത് കുറഞ്ഞ് ഇല്ലാതാവുകയും പഴയനിരക്കിൽ അവർ തുടർന്നിരുന്നെങ്കിൽ കിട്ടുമായിരുന്നതിനേക്കാൾ കുറവു മാത്രം വാങ്ങേണ്ട ഗതികേട് ഉണ്ടാവുകയും ചെയ്യും. രണ്ട് ഉദാഹരണങ്ങൾ ചേർത്തിരിക്കുന്നു.

1. a lecturer with a Basic pay, in the Existing scale of Rs. 610 as on 1-7-'78 opts to change over to the Revised Scale on, 1-7-1978. His pay will be fixed in the R. Scale at Rs. 800/-on 1-7-1978, date of of option.

Existing Scale

7/78 610 + 256 = 866
7/79 635 + 267 = 902
7/80 665 + 279 = 944
7/81 695 . 292 = 987
7/82 730 + 307 = 1037
7/83 765 + 321 = 1086

| Revised scale | Difference |
|---|---|
| 800+ 96 = 896 | Rs 30 |
| 830+100 = 930 | Rs 28 |
| 860+103 = 963 | Rs 19 |
| 890+107 = 997 | Rs 10 |
| 925+111 = 1036 | —Rs 1 |
| 960+115 = 1075 | —Rs 11 |

II a lecturer with a Basic Pay, in the Existing Scale, of Rs. 695 as on 1-7-1978 opts to change over to the Revised Scale on 1-7-1978. His pay will be fixed in the Revised Scale at Rs. 925 on 1-7-78 the date of change over.

| | Existing Scale | Revised Scale | Difference |
|---|---|---|---|
| 7/78 | 695+292 = 987 | 925+111=1036 | Rs. 49 |
| 7/79 | 730+307 = 1037 | 960+115=1075 | Rs. 38 |
| 7/80 | 765+321 = 1086 | 995+119=1114 | Rs. 28 |
| 7/81 | 800+336 = 1136 | 1030+120=1150 | Rs. 14 |
| 7/82 | 835+351 = 1186 | 1070+120=1190 | Rs. 4 |
| 7/83 | 875+356 = 1231 | 1110+120=1230 | —Re. 1 |

[illegible] benefit (weightage or minimum benefit) [illegible] (pay scales and rate of D. A.) [illegible]

**[illegible]**

[illegible]

[illegible] State pay structure [illegible]

| Post | Existing scale | Revised scale |
|---|---|---|
| I Grade Professor | 850-1450 | 1125-172[illegible] |
| Supt. of Govt. Presses | 850-1450 | 1200-180[illegible] |
| Supt. of Police (Non I P S) Armed Reserve Police | 850-1450 | 1200-180[illegible] |
| Cammandant II Grade Professor | 850-1450 | 1200-180[illegible] |
| Dy. Supt. Govt. Presses | 710-1200 | 910-155[illegible] |
| Dy. Director, Harijan Welfare | 710-1200 | 975-162[illegible] |
| Dy. Director, Harijan Welfare | 710-1200 | 975-162[illegible] |

**[illegible]**

[illegible]

ത്. ഇതേവരെ HRA കിട്ടാതിരുന്നവർക്ക് 10 രൂപ നൽകി അധിക്ഷേപിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ വീടു വാടകയ്ക്ക് ലഭിക്കുന്ന കാര്യത്തിൽ കൂടുതൽ ബുദ്ധിമുട്ട് ഗ്രാമങ്ങളിലാണെന്ന വസ്തുത അവഗണിച്ചിരിക്കുകയാണ്. വാടക കൂടുതൽ കൊടുക്കേണ്ടിവരുന്നത് ചിലപ്പോൾ ഗ്രാമങ്ങളിലായിരിക്കും.

## ഭിന്നിപ്പിക്കൽ നയം:—

അദ്ധ്യാപകരുടെ ഇടയിൽതന്നെ ഭിന്നത ഉണ്ടാക്കാൻ സർക്കാർ ശ്രമിച്ചിരിക്കുന്നു. ഒന്നാം ഗ്രേഡ് പ്രൊഫസർക്കു ബാധകമായ സ്കെയിലിലെ മാക്സിമവും പോസ്റ്റ്ഗ്രാഡുവേററു കോളേജിലെ പ്രിൻസിപ്പലിന്റെ സ്കെയിലിലെ മാക്സിമവും തമ്മിലുള്ള അന്തരം വർദ്ധിച്ചിരിക്കുന്നു.

| Design. of Post. | Existing scale, | Difference. |
|---|---|---|
| Principal | 1050-1550 | 100 |
| I Grade Prof. | 850-1450 | |
| | Revised scale | Difference. |
| | 1300–1900 | 175 |
| | 1125–1725 | |

അദ്ധ്യാപകരോട് നീതികാട്ടിയില്ലെന്നു മാത്രമല്ല, അവരെ തമ്മിലടിപ്പിക്കാനുള്ള ശ്രമം നടത്തിയിട്ടുമുണ്ട്. യോഗ്യതക്കുറവെന്ന കാരണം പറഞ്ഞ് (അറിവില്ലായ്മ മൂലം) ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരുടെ സ്കെയിലുകൾ ചുരുക്കി. നൽകിയിരിക്കുന്നതോ (530–950) യോഗ്യത കൂടുതലുള്ള ജൂണിയർ ലക്ചറർമാർക്ക് അനുവദിച്ചിരിക്കുന്നതിൽ (470–830) കൂടിയത്. ശമ്പള നിരക്കുകളുടെ ഘടന റേഷനലൈസ് ചെയ്തിരിക്കുന്നത് ഇപ്രകാരമാണ്. റേഷനലൈസ് ചെയ്യുക എന്ന ചുമതല മി. ചന്ദ്രഭാനുവിനെ ഏൽപ്പിച്ചതു തെററായിപ്പോയി.

സംസ്ഥാന ശമ്പള "പരിഷ്ക്കാരത്തെക്കുറിച്ച് ഇതേവരെ പറഞ്ഞ വസ്തുതകളിൽ നിന്ന് കുറച്ചെങ്കിലും ശാസ്ത്രീയമായ ഒരു ശമ്പളപരിഷ്കാരം കേരളത്തിൽ ഇപ്പോൾ നടന്നില്ലെന്ന് മനസ്സിലാക്കാൻ കഴിയും. നാം വാങ്ങിക്കൊണ്ടിരുന്ന ഡി എ യുടെ കാര്യമായൊരു ഭാഗം കൂട്ടിച്ചേർത്ത് സ്കെയിലുകൾ ഊതിവീർപ്പിക്കുക, 30–35 രൂപായുടെ ആനുകൂല്യം ശമ്പളം നിർണ്ണയിക്കുമ്പോൾ നൽകിയിട്ട് അത് അഞ്ചുവർഷംകൊണ്ട് തിരിച്ചു പിടിക്കുക—ഇതല്ല ശമ്പളപരിഷ്കാരം. ശമ്പളഘടന 'റേഷനലൈസ്' ചെയ്യുക എന്നത് പോയിട്ട് അതിൽ ചെറിയ തോതിലെങ്കിലുമുള്ള ഒരു ശാസ്ത്രീയമായ മാററം വരുത്താൻപോലും ശമ്പളക്കമ്മീഷന് കഴിഞ്ഞിട്ടില്ല.

അപാകതകൾ പരിഹരിച്ച് (സർക്കാർ അതിനു ഒരുപക്ഷെ തയ്യാറായാൽ തന്നെ) നേരെയാക്കാവുന്ന സ്കെയിലുകളല്ല ഇപ്പോൾ ഉണ്ടായിരിക്കുന്നത്. അപാകതകൾ പരിഹരിക്കുന്നത് ഇവിടെ ആരേയും തൃപ്തരാക്കുകയുമില്ല. ഈ സ്കെയിലുകൾ നമുക്ക് ഒരു തരത്തിലും അംഗീകരിക്കാൻ പററില്ല. നമ്മെ മനഃപൂർവമായി അവഹേളിക്കുന്നതിനായാണ് കുറച്ചു സ്ക്കെയിലുകൾ നിർമ്മിച്ച് ഉത്തരവായിരിക്കുന്നത്. മുൻകാല പ്രാബല്യത്തോടെ യു. ജി. സി. സ്കെയിലുകളും കേന്ദ്രനിരക്കിലുള്ള ഡി. എ. യും നമുക്കു കിട്ടണം. നമ്മുടെ ശമ്പളനിരക്കുകൾ സംസ്ഥാന ശമ്പളഘടനയിൽ നിന്ന് എന്നെന്നേയ്ക്കുമായി വേർപെടുത്തുകയും വേണം.

നമുക്കവകാശപ്പെട്ടത്, ഇത്രയും കാലം നമുക്കു നിഷേധിച്ചത്, പിടിച്ചു വാങ്ങുകതന്നെ വേണം. അതിനു പ്രത്യക്ഷസമരമല്ലാതെ മററു മാർഗ്ഗങ്ങൾ ഇല്ലതന്നെ. നമ്മുടെ ആവശ്യം നേടിയെടുക്കാൻ പ്രക്ഷോഭത്തിന്റെ മാർഗ്ഗത്തിലൂടെ തന്നെ നമുക്കു നീങ്ങാം. ഇവിടെ ആരും, അവകാശപ്പെട്ടത് ഔദാര്യമായി നൽകിയിട്ടില്ല. ഔദാര്യം നമുക്കുവേണമെന്നുണ്ടോ? വേണ്ടവേണ്ടെന്നു നാം പ്രഖ്യാപിക്കുന്നു. ഒപ്പം നാം പ്രഖ്യാപിക്കുന്നു:—

**യു. ജി. സി. സ്കെയിലുകൾ ഇവിടെ അനുവദിപ്പിക്കും!**

# AKPCTA OFFICE - BEARERS 1979 — '80

## State Council

| | | |
|---|---|---|
| President : | Prof. | R. Ramachandran Nair, N. S. S. College, Ottapalam. |
| Vice-President : | ,, | N. Bhargavan, S. N. College, Sivagiri, Varkala |
| General Secretary : | ,, | V. Narayanan Kutty, Guruvayoorappan College, Calicut. |
| Joint Secretary : | ,, | G. Madhavan Nair, N. S. S. College, Nilamel. |
| Treasurer : | ,, | N. J. Jacob, C. M. S. College, Kottayam |

## Southern Regional Council

| | | |
|---|---|---|
| President : | Sir. | N. M. Joseph, St. Thomas College, Palai, |
| Vice-President | ,, | Joy Kulavelil, U. C. College, Alwaye. |
| Secretary : | ,, | P. G. Chandrasekharan Nair, D. B. College, Thalayolaparambu |
| Joint Secretary : | ,, | S. Sivan, S. N. College, Quilon. |
| Treasurer | ,, | P. A. Sadhujan, B. A. M. College, Thuruthicad. |

## Northern Regional Council

| | | |
|---|---|---|
| President : | Sri. | C. K. Varghese, S. K. V. College, Trichur. |
| Vice-President : | Dr. | P. Sukumara Panicker, N. S. S. College, Nemmara. |
| Secretary : | Sri. | P. P. Sreedharan, S. N, College, Cannanore. |
| Joint-Secretary : | ,, | P. Gopalakrishnan Nair, Sree Krishna College Guruvayoor |
| Treasurer : | ,, | P. V. Mohammed Iqbal, S. S. College, Thaliparamba. |

## Members elected to the State Committee

1) Sri. A. K. Krishnankutty Nair. S. D. College, Alleppey
2) ,, P. J. Koshy, Bishop Moore College, Mavelikara
3) ,, K. N. J. Kartha, S. N. College, Sivagiri, Varkala
4) ,, P. Narendran, N. S. S. College, Shertallai
5) ,, P. Ravindranath, N. S. S College, Nilamel
6) Prof. I. G. Bhaskara Panicker, Guruvayoorappan College, Calicut
7) Sri. K. Damodaran, S. K. V College, Trichur
8) ,, T. K. Gopalakrishnan Nair, N S S College, Nemmara
9) ,, N. Mukundan, S N College, Cannanore
10) ,, N. Sivarajan, S N College, Nattika

## District Councils

**Alleppey District Council**

President : Sri. David Abraham, Christian College, Chenganur
Secretary : ,, P. V. Ramanathan, S N College, Shertallai

**Ernakulam District Council**

President : ,, K. N. Nagappan Pillai, S. N. M. College, Maliyankara
Secretary : ,, C. A. Peethambaran, St. Paul's College, Kalamaserry.

**Kottayam and Idikki District Council**

President : Sri. T. C. Emmanuel, St. George's College, Aruvithura
Secretary : ,, P. V. Parameswara Kurup, N. S. S. Hindu College, Changanacherry.

**Quilon District Council**

President : Sri. S. S. Babu Rajendra Prasad, D. B. College, Sasthamcottah.
Secretary : ,, J. Johnson, St. Thomas College, Kozhencherry.

**Trivandrum District Council**

President : Sri. K. Prabhakaran, S N College, Chempazhanthi, Trivandrum.
Secretary : ,, K. P. Divakaran Nair, V. T. M. N S S College, Dhanuvachapuram.

**Cannanore District Council**

President : Prof. A. K Raghavan Nambiar, Payyannur College, Payyannur
Secretary : Sri. M. K. Chindankutty, S. S. College, Thaliparamba

**Calicut District Council**

President : Sri. P. S. Chidambaram, Malabar Christian College, Calicut.
Secretary : ,, K. P. R. Menon, Guruvayurappan College. Calicut.

**Malappuram District Council**

President : Sri. K. Sadasivan Nair, N S S College. Manjeri
Secretary : ,, K. Kunheed, M. E S. College, Mampad

**Palghat District Council**

President : Sri. M. V. Sadasivan Namboothiri, N. S. S. College, Nemmara
Secretary : ,, T. N. Raman Pillai, N. S. S. College, Ottapalam

**Trichur District Council**

President : Sri T. R. Sasidharan, S. N. College, Nattika
Secretary : ,, P. N. Narayanan, St. Aloysius College, Elthuruth

# ജൂലൈ നാലിന്റെ പണിമുടക്കം എന്തിന്?

## ആവശ്യാധിഷ്ഠിത മിനിമം വേതനം.

ആവശ്യാധിഷ്ഠിത മിനിമം വേതന തത്വം അംഗീകരിക്കണമെന്ന് അദ്ധ്യാപക സർവീസ് സംഘടനകൾ ശമ്പളക്കമ്മീഷനോടാവശ്യപ്പെട്ടിരുന്നു. ശമ്പളക്കമ്മീഷൻ ഈ ആവശ്യം പരിഗണിക്കുവാൻ പുറപ്പെട്ട് അപ്രസക്തമായ കുറെ കാടുകയറൽ നടത്തി അവസാനം ജീവനക്കാർക്ക് ഇതിന് അർഹതയില്ല എന്ന നിഗമനത്തിലാണ് എത്തിയത്. ഇന്ത്യയിലെ കേന്ദ്ര ടി. യു. സംഘടനകളിലെ നേതാക്കളായ പ്രമുഖരായ മന്ത്രിമാർ ചേർന്നിരുന്ന് ഈ ശുപാർശ അംഗീകരിക്കുകയും ചെയ്തു. കഴിഞ്ഞ മാസം മുഖ്യമന്ത്രിയുമായി നടന്ന ചർച്ചാവേളയിൽ 'ഇവിടെ നിന്നുതന്നെ വേണമോ ആവശ്യാധിഷ്ഠിത മിനിമം വേതനം' എന്നാണ് ചോദിച്ചത്.

## ഒരു ദേശീയ മാനദണ്ഡം.

ആവശ്യാധിഷ്ഠിത മിനിമം വേതനം ഏതെങ്കിലും ഒരു സംഘടന മുന്നോട്ടുവച്ച ഒരു ഡിമാന്റു മാത്രമാണ് എന്ന ധാരണയാണ് ശമ്പളകമ്മീഷനും സർക്കാരിനുമുള്ളത്. 1957–ൽ 22 വർഷങ്ങൾക്കു മുൻപ് കേന്ദ്ര സർക്കാർ വിളിച്ചുകൂട്ടിയ 15-ാം ത്രികക്ഷി തൊഴിൽ സമ്മേളനത്തിൽ കേന്ദ്ര സർക്കാർ മുന്നോട്ടു വച്ചതും തൊഴിലാളി പ്രതിനിധികളും മുതലാളിമാരുടെ പ്രതിനിധികളും കേന്ദ്ര സ്റ്റേററ് പ്രതിനിധികളും ചേർന്ന് ഏകകണ്ഠമായി അംഗീകരിച്ച മിനിമം വേതനം സംബന്ധിച്ച മാനദണ്ഡങ്ങളാണ് ഈ തത്വത്തിൽഉൾക്കൊള്ളുന്നത്. ഇത്ഭാവിയിലുള്ള ശമ്പളക്കമ്മീഷനുകൾ, വേജ്ബോർഡുകൾ എന്നിവയ്ക്ക് മാർഗ്ഗദർശകമായിരിക്കുമെന്നും തീരുമാനിക്കപ്പെട്ടിരുന്നു. അങ്ങിനെ ദേശീയമായി ഔദ്യോഗികമായി ആവിഷ്കരിച്ച മിനിമം വേതന തത്വമാണിത്. ഇതനുസരിച്ച് ഇന്നത്തെ നിലവാരത്തിൽ മിനിമം വേതനം നല്കുന്നതിന് സാമ്പത്തികവും മററുമായി, വിശേഷിച്ച് ഒരു സംസ്ഥാന സർക്കാരിന് ഒട്ടേറെ പരിമിതികളുണ്ട് എന്ന സത്യം എല്ലാ സംഘടനകളും അംഗീകരിക്കുന്നു. അതുകൊണ്ടുതന്നെ ഇതു തത്വത്തിൽ അംഗീകരിക്കുക, അതിന്റെ അടിസ്ഥാനത്തിൽ മിനിമം വേതനം എത്രയാണെന്ന് നിശ്ചയിക്കുക, ഇന്നത്തെ വേതനവും അർഹതപ്പെട്ടതും തമ്മിലുള്ള അന്തരം എങ്ങിനെ നികത്താമെന്ന് പരിശോധിക്കുകയും അക്കാര്യത്തിൽ സംഘടനകളുമായി ആലോചിച്ച് ഒരു തീരുമാനത്തിലെത്തുകയും ചെയ്യുക എന്ന നിർദ്ദേശമാണ് സംഘടനകൾക്കുള്ളത്. അർഹത എന്തെന്നു പ്രഖ്യാപിക്കുകയും ചോദിക്കുന്നതിനും നല്കുന്നതിനും ഒരു വ്യവസ്ഥ ഉണ്ടാക്കുകയും വേണമെന്നാവശ്യപ്പെടുന്നത് ഒരു പാതകമാണോ? പക്ഷേ എന്തെങ്കിലും നക്കാപ്പിച്ച നല്കി ശമ്പളം വർദ്ധിപ്പിച്ചു എന്നു പെരുംപായടിക്കുന്ന ഗോഷ്ടിത്തരങ്ങൾ കാട്ടുകമാത്രമാണ് സംസ്ഥാന ജീവനക്കാരുടെ കാര്യത്തിൽ സർക്കാർ നാളിതുവരെ സ്വീകരിച്ചിട്ടുള്ള രീതി. ഇത് മാററിയേ തീരൂ. ഇന്ത്യയിലാകെ സംഘടിത വ്യവസായമേഖലയിൽ തൊഴിലാളികൾ മിനിമം വേതനതത്വം അടിസ്ഥാനമാക്കി പ്രക്ഷോഭങ്ങൾ നടത്തുന്നു. ഇന്നത്തെ വേതനത്തിൽനിന്ന് 80 മുതൽ 120 രൂപവരെ വിവിധ മേഖലകളിൽ വർദ്ധിച്ച വേതനം നേടിയെടുത്തു കഴിഞ്ഞു. കേരളത്തിൽ പൊതുമേഖലയിൽ

സർക്കാർ അംഗീകരിച്ച സമീപനവും ഇതു തന്നെയാണ്. അദ്ധ്യാപകരും എൻ. ജി. ഒ. മാരും മററു ജീവനക്കാരും ആവശ്യപ്പെടുമ്പോൾ മാത്രം നക്കാപ്പിച്ച നല്കുന്ന രീതിയാണ് അവലംബിക്കുന്നത്.

## പൊതുമേഖലയിൽ അംഗീകരിച്ചത്.

കേരളത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ സമീപകാലത്ത് ഉണ്ടാക്കിയ വേതന പരിഷ്ക്കരണ കരാറുകളുണ്ട്. അവിടങ്ങളിൽ ഒരാൾക്ക് ശമ്പളത്തിൽ നല്കിയ വർദ്ധധവും ഫിക്സേഷൻ ആനുകൂല്യവും സംസ്ഥാന സർക്കാരിൻെറ നേരിട്ടു കീഴിൽ ജോലി ചെയ്യുന്നവർക്ക് നല്കണമെന്ന് എല്ലാ സംഘടനകളും ആവശ്യപ്പെട്ടു. മിനിമം വേതനവുമായി ഇന്നുള്ള അന്തരം കുറയ്ക്കുന്ന രീതിയിൽ വേതനം പരിഷ്ക്കരിക്കുവാൻ ഇതൊരു സ്വീകാര്യമായ മാർഗ്ഗമല്ലേ? അതൊന്നും ചെവിക്കൊള്ളാൻ സർക്കാർ തയ്യാറല്ല.

## ചന്ദ്രഭാനുക്കമ്മീഷൻ ചെയ്തതെന്താണ്?

ശമ്പളവും, ക്ഷാമബത്തയായി ലഭിച്ചിരുന്ന തുകയുടെ ഒരു ഭാഗത്തെ പേരുമാററി പുതുക്കിയ ശമ്പളമാക്കി. അധികം നല്കിയ ഓരോ ശമ്പളസ്കെയിലിൻെറയും ആദ്യത്തിലും അവസാനത്തിലും 8 മുതൽ 13 രൂപവരെയാണ്. ഇതുതന്നെ ഈ സ്കെയിലിൽ ഇരിക്കുന്നവർക്കു തുടർന്നു ലഭിക്കുന്നില്ല. പഴയ നിരക്കിൽ തുടരുമായിരുന്നുവെങ്കിൽ ലഭിക്കുമായിരുന്നതിലും കുറഞ്ഞ ശമ്പളത്തിൽ ചെന്നെത്തുന്ന തരത്തിലാണ് ഇംക്രിമെൻറുകളുടെ ഘടന. ദീർഘകാല സേവനം 30 വർഷം പിന്നിട്ടവർക്കുപോലും വെയിറേറജ്കൂടി ലഭിച്ചാലും ക്ലാസ്സ് 4, ക്ലാസ്സ് 3 വിഭാഗത്തിൽപ്പെട്ട പതിനായിരക്കണക്കിന് അല്പ വരുമാനക്കാർക്ക് ലഭിക്കുക നിസ്സാരമായ ആനുകൂല്യമാണ്. ഇതു പുറത്തറിയാതിരിക്കുവാൻ വേണ്ടിയാണ് പുതുക്കിയ നിരക്കിൻെറ ഫലവും വെയിറേറജും ലഭിച്ചുകഴിഞ്ഞിട്ടും 25 രൂപ ആനുകൂല്യം ഇല്ലാത്തവർക്കു 25 രൂപ നല്കുമെന്നു പ്രഖ്യാപിച്ചിരിക്കുന്നത്. വളരെ ദീർഘകാല സർവീസുള്ളവരും സൂപ്പർവൈസറി തസ്തികകളിലിരിക്കുന്നവരുമല്ലാത്ത എല്ലാ ജീവനക്കാർക്കും 30 വർഷം സർവീസുണ്ടായാലും 30 ദിവസമായാലും കിട്ടുന്ന മെച്ചം ഒന്നായിരിക്കും.

## കമ്മീഷൻെറ കടന്നാക്രമണങ്ങൾ.

നിലവിലുള്ള ശമ്പളനിരക്കുകൾ കുറയ്ക്കുക എന്ന ഒരേർപ്പാടും ഈ കമ്മീഷൻ ഉണ്ടാക്കിയിരിക്കുന്നു. ഏതാനും വർഷങ്ങൾക്കു മുൻപ് ട്രാൻസ്പോർട്ടിൽ ഇത്തരം ഒരേർപ്പാടാരംഭിച്ചു. ഈ പദ്ധതിയുടെ ഉപജ്ഞാതാവായ മന്ത്രിയുടെ അനുയായി നിരാഹാരം കിടന്ന് അതു റദ്ദാക്കിയതും ആരും മറന്നിരിക്കില്ല. ഇന്നത്തെ ജീവനക്കാരുടെ ശമ്പളം കുറയ്ക്കില്ല, ഇനി മേലാൽ സർവീസിൽ പ്രവേശിക്കുന്നവർക്ക് കുറഞ്ഞ ശമ്പളനിരക്കു നല്കുകയാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. തൊഴിലില്ലാത്തവർ കുറഞ്ഞ കൂലിക്കും തയ്യാറാകുമെന്ന സൗകര്യം ഉപയോഗിച്ച് വേതന വ്യവസ്ഥ കുറയ്ക്കുന്ന ഏർപ്പാടും ഇവരുടെ സോഷ്യലിസ്ററു പദ്ധതിയാണത്രേ. സഹകരണ ഇൻസ്പെക്ടർമാർ, മൃഗസംരക്ഷണവകുപ്പിലെ ലൈവ്സ്റേറാക്ക് അസിസ്ററൻറുമാർ എന്നിവരാണ് ഈ കയ്യേററത്തിന് ഇരയായവർ. ഇന്നിരിക്കുന്നവർക്ക് ഒരു പൈസപോലും ലഭിക്കാതെ അവരെ ഹയർഗ്രേഡായി പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു.

ഇതുവരെ ലഭിച്ചുപോന്ന ഒട്ടേറെ ആനുകൂല്യങ്ങൾ കമ്മീഷൻ റദ്ദാക്കി. ശമ്പളനിരക്കുകൾ യാതൊരു കാരണവും കാണിക്കാതെ ചുരുക്കി. സ്റെറനോഗ്രാഫർമാർ, സർവേ ഹെഡ് ഡ്രാഫ്ററ്സ്മാൻമാർ എന്നിവ ഉദാഹരണങ്ങളാണ്. പ്രത്യേക ജോലിക്കുള്ള അലവൻസുകളും മററും വർദ്ധിപ്പിച്ചില്ല എന്നു മാത്രമല്ല പലതും നിർത്തുകയും ചെയ്തു.

## ഗ്രേഡിൻെറ പ്രശ്നം

സർവീസിയിൽ പ്രവേശിച്ച് ദശകങ്ങൾ പിന്നിട്ടാലും പുറപ്പെട്ട സ്ഥാനത്തു നിൽ

ക്കുവാൻ മാത്രം വിധിക്കപ്പെട്ട നിരവധി ജീവനക്കാരുണ്ട്. ഇവർക്ക് യഥാകാലം വേതനത്തിൽ വർദ്ധനവു് ലഭിക്കാവുന്ന വിധത്തിൽജോലിസ്വഭാവമൊന്നും മാററാതെതന്നെ ഉയർന്ന ശമ്പള നിരക്കു നൽകുവാൻ ഹയർഗ്രേഡ്നൽകുന്ന സംവിധാനം ഇന്നു നിലവിലുണ്ട്. ക്ളാസ് 4, ക്ളാസ് 3 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ഇത് വിദ്യുച്ഛക്തി ബോർഡിൽ അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ അതംഗീകരിച്ചു കഴിഞ്ഞു. തമിഴ് നാട്ടിൽ പത്തു വർഷത്തിലേറെ ഒരേ തസ്തികയിൽ തുടരുന്നവർക്ക് അടുത്ത ഉയർന്ന ഗ്രേഡു നൽകുവാൻ വ്യവസ്ഥയുണ്ട്. കേരളത്തിൽ അത്തരം ഒരു സംവിധാനം ഉണ്ടാകണമെന്നാണ് സംഘടനകളാവശ്യപ്പെട്ടത്. കാലദൈർഘ്യം പരിഗണിച്ച് ഗ്രേഡ് നൽകുന്നതിൽ അശാസ്ത്രീയത കണ്ടുപിടിച്ചു. 30 വർഷം കാൺസ്ററബിൾ ജോലി ചെയ്തവന്ന് ഒരു ഗ്രേഡിന്നർഹതയില്ലെന്നും അവരിൽ നിന്നു ഏണിപ്പടികൾ കടന്നുവരാൻ 'കഴിവു'ണ്ടായി ഡി. വൈ. എസ്. പി. ആയവർക്ക് ഗ്രേഡു നൽകുന്നതിൽ 'ശാസ്ത്രീയവും' കണ്ടെത്തിയ കമ്മീഷന്റെ നീതിബോധത്തെക്കുറിച്ചെന്തു പറയാൻ. അതു കണ്ണടച്ചംഗീകരിച്ച സർക്കാരിൽ നിന്നു നീതി പ്രതീക്ഷിക്കുന്നതു വിഡ്ഢിത്തരമാണ്.

ഒരേ തസ്തികയിൽതന്നെ വിവിധ വകുപ്പുകളിൽ പ്രമോഷനുള്ള സാദ്ധ്യത വ്യത്യസ്തങ്ങളാണ്. ഒരു പ്രത്യേക വകുപ്പിലായി എന്നതുകൊണ്ടുമാത്രം യാതൊരു ഉന്നമനത്തിനും മാർഗ്ഗമില്ലാത്തവരായി മാറുന്നവർക്ക് ഗ്രേഡുനൽകുവാൻ വ്യവസ്ഥചെയ്യണമെന്ന ആവശ്യവും നിരാകരിക്കപ്പെട്ടു. മുൻപു ഗ്രേഡിനു വ്യവസ്ഥ ചെയ്ത ചില തസ്തികകൾക്കു അതു സേവന ദൈർഘ്യം പരിഗണിച്ച് നൽകിയില്ല. ഇന്നുവരെ നിശ്ചയിക്കപ്പെടാത്ത സീനിയോറിട്ടി ലിസ്ററ് അനുസരിച്ചു നൽകണമെന്ന നിബന്ധന കാരണം അർഹതപ്പെട്ടവർക്കു ലഭിക്കുന്നില്ല. ഇതും പരിശോധിച്ചില്ല. എന്നു മാത്രമല്ല, എ എൻ. എം, അററൻഡർ തുടങ്ങിയ ചില തസ്തികകൾക്ക് സീനിയോരിട്ടി ലിസ്ററിന്റെ അടിസ്ഥാനത്തിലാണ് ഗ്രേഡിനു ശുപാർശ ചെയ്തിരിക്കുന്നത്. ഏട്ടിലെ പശു പുല്ലു തിന്നുകയില്ലല്ലോ?

അദ്ധ്യാപകർക്കു നൽകിയ ഹയർഗ്രേഡിന്റെ പുതിയ വ്യാഖ്യാനം കൂടെ വന്നപ്പോൾ ഇന്നു ലഭിക്കുന്ന ആനുകൂല്യംപോലും നഷ്ടപ്പെട്ടുപോയി. ഒഴിവനുസരിച്ചു ഹെഡ്മാസ്ററർ തസ്തികയിലേയ്ക്കു പ്രമോഷൻ പോലും ലഭിക്കാത്ത സ്ഥിതിയാണിന്നു സംജാതമായിരുന്നത്. 25 വർഷം സർവീസ് കഴിഞ്ഞാലേ പ്രൈമറി ഹെഡ്മാസ്ററർമാരുടെ ശമ്പളം ലഭിക്കൂ. അതുപോലെ ഹൈസ്ക്കൂൾ ഹെഡ്മാസ്ററർ സ്കെയിലിൽ ഹെഡ്മാസ്ററർക്ക് ശംബളത്തിനർഹത 22 വർഷത്തിനു ശേഷമേ ലഭിക്കൂ എന്നതാണ് ഇപ്പോഴത്തെ അനോമലി പരിഹാരംകൂടിയായപ്പോഴത്തെ സ്ഥിതി. ഗ്രേഡിനും ഹയർഗ്രേഡിനും വേണ്ട സർവീസ് കാലം കുറയ്ക്കുക എന്നതാണ് അദ്ധ്യാപകരുടെ ആവശ്യം. അതംഗീകരിച്ചില്ല എന്നു മാത്രമല്ല നിലവിലുള്ള മറെറാരാനുകൂല്യം നിഷേധിക്കുകയും ചെയ്തിരിക്കുന്നു.

## വീട്ടുവാടക

ജനസാന്ദ്രതയാണ് പാർപ്പിട ക്ഷാമത്തിന്റെ അടിസ്ഥാനം. ഏററവും കൂടിയ ജനസാന്ദ്രതയുള്ള നമ്മുടെ സംസ്ഥാനത്തിൽ താമസസൗകര്യം വളരെ കുറവാണ്. ഉള്ളതിനു വൻ നഗരങ്ങളിലുള്ളതിലും കൂടിയ വാടകയുമാണ്. ഇതൊന്നും പരിഗണിക്കാതെ വീട്ടുവാടകയ്ക്ക് നിശ്ചയിച്ച നിരക്കിൽ നൽകാതെ നാമമാത്രമായ തുകയിൽ സീലിംഗ് ഏർപ്പെടുത്തിയിരിക്കുന്നു. മററു സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും ഒന്നുംകാണാത്ത ഇത്തരം വെട്ടിക്കുറയ്ക്കലുകൾ മാററുകയും നിലവിലുള്ള വാടക നിരക്കിന് അനുയോജ്യമായ രീതിയിൽ അലവൻസ് നൽകുകയും വേണം. പാർപ്പിട സൗകര്യങ്ങൾ നൽകുകയെന്നത് ഏതൊരു തൊഴിലുടമയുടെയും ബാദ്ധ്യതയാണ്. അതു നിർവഹിക്കുകയാ

ണെങ്കിൽ ഒഴിവാക്കാൻ കഴിയുന്ന ഒരു ബാദ്ധ്യതയാണിത്. പക്ഷേ സർക്കാർ അതും ചെയ്യാൻ തയ്യാറല്ല.

## മെഡിക്കൽ അലവൻസ്

രോഗ ചികിൽസാർത്ഥം പ്രതിമാസം അലവൻസ് നൽകണമെന്ന ആവശ്യം ഇൻഡ്യയിൽ എത്രയോ പൊതുമേഖലാ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരുകളും അംഗീകരിച്ചിട്ടുണ്ട്. കേരളത്തിൽ ചികിൽസാ ചിലവുകടം നൽകാനുള്ള വ്യവസ്ഥ ജീവനക്കാർക്ക് ഒരു തീരാശാപമാണ്. .01 ശതമാനം ജീവനക്കാർ പോലും ഇതിന്റെ ഗുണം ഉപയോഗിക്കുവാൻ കഴിയാത്തവരാണ്. അതുകൊണ്ട് ഇതിന്നായിട്ടുള്ള തുക പ്രതിമാസം അലവൻസായി നൽകണമെന്ന ആവശ്യം ഇവിടെയും ഉന്നയിച്ചു. അത് രോഗംവരുന്ന ദിവസമാകുംപോഴേയ്ക്ക് ചിലവായിപ്പോകും എന്ന ഒരു കണ്ടുപിടിത്തം നടത്തിയാണ് കമ്മീഷൻ നിരാകരിച്ചത്.

## വിദ്യാഭ്യാസ അലവൻസ്, ലീവ്, യാത്രാബത്ത

ജീവനക്കാരുടെ കുടുംബാംഗങ്ങളോടൊത്തു ജീവിക്കുവാൻ സൗകര്യപ്പെടാത്തവരുടെ സന്താനങ്ങടം പഠിക്കുന്ന ക്ളാസുകടംക്കനുസരിച്ച് കേന്ദ്ര സർക്കാരും ചില സംസ്ഥാന സർക്കാരുകളും വിദ്യാഭ്യാസ അലവൻസ് നൽകുന്നു. പാർപ്പിട സൗകര്യം നൽകാത്ത നമ്മുടെ സർക്കാർ സ്ഥലം മാററത്തിനു യാതൊരു തത്വദീക്ഷയുമില്ലാതെ തോന്നിയപോലെ ചെയ്യുന്ന ഈ സ്റേററിൽ വിദ്യാഭ്യാസ അലവൻസ് നൽകാൻ വ്യവസ്ഥ ചെയ്യണം. അതുപോലെ വർഷത്തിലൊരിക്കലെങ്കിലും സ്വന്തം നാട്ടിൽ പോകുവാൻ യാത്രപ്പടി നൽകണം. മററു സ്റേററുകളിലും കേന്ദ്രത്തിലും നിലവിലുള്ളതാണ് ഈ ആനുകൂല്യം. കേരളത്തിൽ ഇതിനൊന്നും അർഹതയില്ലെന്നതാണ് കമ്മീഷന്റെ ശുപാർശ. സർക്കാർ ഇതാണംഗീകരിച്ചിരിക്കുന്നത്.

## സിററി കോംപൻസേററി അലവൻസ്

നഗരപ്രദേശങ്ങളിലെ പ്രത്യേകതകളെ പരിഗണിച്ച് നൽകുന്ന ആനുകൂല്യമാണ് ഇത്. ഇൻഡ്യാഗവൺമെന്റും ഇത് അംഗീകരിക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്ര സർക്കാർ കേരളത്തിൽ മൂന്നു കോർപ്പറേഷൻ നഗരങ്ങളിൽ ഇതു നൽകുന്നു. കേരളത്തിൽ മാത്രം നിഷേധിക്കപ്പെടുന്ന ഈ അവകാശം കമ്മീഷൻ തള്ളിക്കളയുവാൻ പറഞ്ഞ ന്യായം കൊച്ചിയിലും കോഴിക്കോട്ടും കൊടുത്താൽ കോട്ടയത്തും ആലുവയിലും അനുവദിക്കേണ്ടിവരുമെന്നാണ്. സർക്കാർ ഈ മുടന്തൻ ന്യായം അംഗീകരിക്കുകയും ചെയ്തു.

## ക്ഷാമബത്ത

ക്ഷാമബത്തയ്ക്കാധാരമായ ജീവിതവില സൂചികയിൽ വെട്ടിപ്പാണെന്നു പരക്കെ ആക്ഷേപം ഉയർന്നിരിക്കുകയാണല്ലോ? ഈ വെട്ടിപ്പിനു പുറമേ ശമ്പളക്കമ്മീഷൻ മറെറാരു വെട്ടിപ്പുംകൂടി നടത്തിയിരിക്കുന്നു. പുതുക്കിയ നിരക്കിൽ 400 രൂപയ്ക്കു താഴെ 2.5 ശതമാനവും അതിനു മേലെ 2 ശതമാനവും ക്ഷാമബത്ത നൽകാനാണ് കമ്മീഷനും സർക്കാരും തീരുമാനിച്ചിരിക്കുന്നത്.

